പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1829 07.03.2018 - ൽ മറുപടിയ്ക്ക്

## സ്നേഹപൂർവ്വം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.കെ ഇബ്രാഹിംകുഞ്ഞ് | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | 'സ്നേഹപൂർവ്വം' പദ്ധതി ആരംഭിച്ചത് എന്നാണ്; | | 'സ്നേഹപൂർവ്വം' പദ്ധതി ആരംഭിച്ചത് 2012 നവംബറിലാണ്. |
| (ബി) | പദ്ധതി ആരംഭിച്ചത് മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകി എന്നത് വ്യക്തമാക്കാമോ; | (ബി) | വിശദവിവരം താഴെക്കൊടുക്കുന്നു.<br>2012 – 13 - 643 പേർക്ക്<br>2013 – 14 - 10854 പേർക്ക്<br>2014 – 15 - 15699 പേർക്ക്<br>2015 – 16 - 17656 പേർക്ക്<br>2016 – 17 - 56291 പേർക്ക്<br>2017 – 18 - 7864 പേർക്ക് (2015-16, 2016-17 അധ്യയന വർഷത്തിലെ പ്രിന്റ് ഔട്ട് ലഭിച്ചത്). 2017-18 വർഷത്തെ ധനസഹായ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു). |
| (സി) | ഓരോ സാമ്പത്തിക വർഷവും എത്ര രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; | (സി) | വിശദവിവരം താഴെക്കൊടുക്കുന്നു.<br>**സാമ്പത്തിക വർഷം** – **ചെലവഴിച്ച തുക (രൂപയിൽ)**<br>2012 – 13 11,76,450/-<br>2013 – 14 4,21,1900/-<br>2014 – 15 10.20,19,100/-<br>2015 – 16 13,24,20,000/-<br>2016 – 17 28,94,08,400/-<br>2017-18 3,94,58,700/- |
| (ഡി) | സാമ്പത്തിക സഹായത്തിനു പുറമെ മറ്റേതെങ്കിലും | | ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ 10,12 ക്ലാസ്സുകളിൽ പഠിച്ചിരുന്നവരിൽ എല്ലാ |

| | | | |
|---|---|---|---|
| | സേവനങ്ങളോ ആനുകൂല്യങ്ങളോ ഈ പദ്ധതി പ്രകാരം ലഭ്യമാകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ഡി( | വിഷയങ്ങൾക്കും എ+ ഗ്രേഡ് ലഭിച്ചവർക്ക് പ്രോത്സാഹന ധനസഹായമായി യഥാക്രമം 2000, 3000 എന്ന ക്രമത്തിലും 9,10,11,12 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന പദ്ധതി ഗുണഭോക്താക്കളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 100 പേർ വീതമുള്ള ഓരോ ബാച്ചുകൾക്കും 14 ജില്ലകളിലും രണ്ട ദിവസത്തെ 'ജീവിത നൈപുണ്യ പരിശീലന' പരിപാടിയും നടപ്പിലാക്കി വരുന്നു. |
| (ഇ) | പ്രസ്തുത പദ്ധതി പ്രകാരം എത്ര അപേക്ഷകർക്ക് ആനുകൂല്യം ലഭ്യമാക്കാനുണ്ട്; | (ഇ) | 2017 - 18 വർഷത്തിൽ ഓൺലൈനായി അപേക്ഷ സമർപ്പിച്ച 64080 വിദ്യാർത്ഥികൾക്കുള്ള ധനസഹായം നൽകുവാനുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | ഏത് അദ്ധ്യയന വർഷം വരെയുള്ള അപേക്ഷകളാണ് തീർപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | 2016 - 17 വർഷം വരെ ഓൺലൈനായി അപേക്ഷ സമർപ്പിച്ചവരിൽ പ്രിന്റൗട്ട് നൽകിയ അർഹതയുള്ളവരുടെ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. മുൻവർഷങ്ങളിൽ ഓൺലൈനായി അപേക്ഷ സമർപ്പിച്ചവരിൽ പ്രിന്റൗട്ട് നൽകാത്തവർക്ക് ആയതു സമർപ്പിക്കുന്നതിനു 28.02.2018 തീയതി വരെ സമയം ദീർഘിപ്പിച്ചു നൽകിയിരുന്നു. |

**സെക്ഷൻ ഓഫീസർ**